**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 3482** **21.12.2012 ൽ മറുപടിയ്ക്ക്**

## ഡിജിറ്റൽ സൂപ്പർ ഹൈവേ സംവിധാനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. വർക്കല കഹാർ**<br>**ശ്രീ. വി.റ്റി. ബൽറാം**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. വി.പി. സജീന്ദ്രൻ** | **ഡോ: എം. കെ. മുനീർ**<br>**(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് ഡിജിറ്റിൽ സൂപ്പർ ഹൈവേ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; | ബി) ഡിജിറ്റൽ സൂപ്പർ ഹൈവേയിലൂടെ ബന്ധിപ്പിക്കുന്നതിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും സ്റ്റേറ്റ് ഡേറ്റാ സെന്ററിലേക്ക് അതിവേഗം തടസ്സമില്ലാതെ ഡേറ്റാ അയക്കുന്നതിനും, സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് ഡേറ്റാ ലഭിക്കുന്നതിനും ഇതുവഴി സാധിക്കുന്നു. Remote Backup- ലൂടെ ഡേറ്റയുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയുന്നു. കൂടാതെ ഇ-ഗവേണൻസ് പ്രവർത്തനങ്ങളെല്ലാം അത് സംഭവിക്കുമ്പോൾ തന്നെ ഓൺലൈനായി പൊതുജനങ്ങൾക്കും, ഭരണ കർത്താക്കൾക്കും ലഭ്യമാകുന്നതാണ്. |
| സി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത്; | സി) കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, ബി.എസ്.എൻ.എൽ , ഇൻഫർമേഷൻ കേരള മിഷൻ എന്നിവയുടെ സഹകരണത്തോടെയാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത്. |

ഡി) ഏതെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് പ്രസ്തുത സംവിധാനം വഴി ലഭിക്കുന്നത്?

ഡി) ജനന-മരണ സർട്ടിഫിക്കറ്റുകൾ വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് എടുക്കുന്നതിനും പൊതു വിവാഹ രജിസ്ട്രേഷനുകൾക്ക് അപേക്ഷ ഇ-ഫയലിംഗായി നൽകുന്നതിനും, സാമൂഹ്യ സുരക്ഷാ പെൻഷൻ വിവരങ്ങൾ അറിയുന്നതിനും, വസ്തു നികുതി ഇ-പേയ്മെന്റായും പോസ്റ്റ് ഓഫീസ് വഴിയും അടക്കുന്നതിനും, പഞ്ചായത്താഫീസു കളിൽ ലഭിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി SMS ലൂടെയും വെബ് സൈറ്റിലൂടെയും അറിയുന്നതിനും കെട്ടിട നിർമ്മാണ ത്തിനുള്ള അനുമതി അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനും പദ്ധതി നിർവ്വഹണ വിവരങ്ങൾ, ഗവൺമെന്റ് ഉത്തരവുകൾ / സർക്കുലറുകൾ എന്നിവ വെബ് സൈറ്റിലൂടെ അറിയുന്നതിനും ജനങ്ങൾക്ക് സാധിക്കുന്നു.

സെക്ഷൻ ഓഫീസർ